# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം.

നക്ഷത്ര ചിഹ്നമിട്ട

ചോദ്യം : * 206 — 19-06-2012-ൽ മറുപടിക്ക്

## ക്രോസ് സബ്സിഡി

**ചോദ്യം**

ശ്രീ. ഇ.കെ. വിജയൻ
ശ്രീ. ഇ. ചന്ദ്രശേഖരൻ
ശ്രീമതി . ഗീതാ ഗോപി.

**ഉത്തരം**

ശ്രീ. ആര്യാടൻ മുഹമ്മദ്.
(ഊർജ്ജവും ഗതാഗതവും വകുപ്പ് മന്ത്രി.)

| | | | |
|---|---|---|---|
| (എ) | വൈദ്യുതി നിരക്കിൽ ഇപ്പോൾ നിലവിലുള്ള ക്രോസ് സബ്സിഡി വെട്ടിക്കുറയ്ക്കാനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ടോ; | (എ) | ഉണ്ട്. ദേശീയ താരീഫ് പോളിസിയനുസരിച്ച് ക്രോസ് സബ്സിഡി കുറയ്ക്കുന്നതിനു വേണ്ടി കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി റഗുലേറ്ററി കമ്മീഷൻ (പ്രിൻസിപ്പിൾസ് ഫോർ ഡിറ്റർമിനേഷൻ ഓഫ് റോഡ് മാപ് ഫോർ ക്രോസ്സ് സബ്ബിഡി റിഡക്ഷൻ ഫോർ ഡിസ്ട്രിബ്യൂഷൻ ലൈസൻസീസ്) റെഗുലേഷൻസ് 2012 ന്റെ കരട് രൂപം തയ്യാറാക്കി പ്രസിദ്ധീകരിച്ചിട്ടുണ്ട്. |
| (ബി) | ക്രോസ് സബ്സിഡി ഇരുപത് ശതമാനത്തിൽ കൂടരുതെന്ന കേന്ദ്ര നിലപാടിന്മേൽ എന്തു നടപടിയാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത്; | (ബി) & (സി) | നിലവിലുള്ളക്രോസ് സബ്സിഡി ഓരോ വർഷവും ചെറിയ തോതിൽ കുറച്ചുകൊണ്ട് ക്രമേണ 20 ശതമാനത്തിൽ പരിമിതപ്പെടുത്തുന്നതിന് ദേശീയ താരീഫ് പോളിസിയനുസരിച്ച് നടപടി സ്വികരിക്കേണ്ടി വരുന്നതാണ്. ഇപ്രകാരം ചെയ്യുമ്പോൾ കാർഷിക ഗാർഹികാവശ്യങ്ങൾക്കുള്ള വൈദ്യുതി നിരക്കിൽ കാലക്രമേണ വർദ്ധന ഉണ്ടാവും. എന്നാൽ ഇക്കാര്യത്തിൽ അന്തിമ തീരുമാനം ഇതുവരെ സർക്കാർ കൈകൊണ്ടിട്ടില്ല. |
| (സി) | ക്രോസ് സബ്സിഡി കുറയ്ക്കുന്നതിലൂടെ ഗാർഹികാവശ്യത്തിനും കാർഷികാവശ്യത്തിനുമായി ഉപയോഗിക്കുന്ന വൈദ്യുതിയുടെ നിരക്ക് കുത്തനെ ഉയരുമെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? | | |

സെക്ഷൻ ഓഫീസർ.